**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3290** **26-06-2024 - ൽ മറുപടിയ്ക്ക്**

**2024- 25 വർഷത്തെ സ്കൂൾ പ്രവേശന, അധ്യയന ദിന വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2024- 25 അധ്യയന വർഷത്തെ സ്കൂളുകളിലെ പ്രവേശനം സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ക്ലാസ് അടിസ്ഥാനത്തിൽ പ്രവേശനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ക്ലാസ് അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ വർഷം പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടോയെന്നും തസ്തിക നിർണയം പൂർത്തിയായിട്ടുണ്ടോയെന്നും അറിയിക്കാമോ; | (ബി) | 2024-25 അധ്യയന വർഷം പ്രവേശനം നേടിയ ആകെ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. 2024-25 അധ്യയന വർഷം പൊതുവിദ്യാഭ്യാസ മേഖലയിൽ ഒന്നാം ക്ലാസിൽ ആകെ 781 കുട്ടികളുടെ വർദ്ധനവ് വന്നിട്ടുണ്ട്.<br><br>ഈ അധ്യയന വർഷം പുതുതായി വന്നു ചേർന്ന കുട്ടികളുടെ എണ്ണം (2 മുതൽ 10 വരെ) കഴിഞ്ഞ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ സർക്കാർ വിദ്യാലയ ങ്ങളിൽ 8, 9, 10 ക്ലാസുകളിൽ വർദ്ധനവ് വന്നിട്ടുണ്ട്. സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ 3, 10 ക്ലാസ്സുകൾ ഒഴികെ എല്ലാ ക്ലാസ്സുകളിലും വർദ്ധനവ് വന്നിട്ടുണ്ട്. അംഗീകൃത അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ 2, 9, 10 ക്ലാസ്സുകളിൽ വർദ്ധനവ് വന്നിട്ടുണ്ട്.<br><br>2024-25 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടില്ല. |
| (സി) | ഈ വർഷം അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വിശദമാക്കാമോ; | (സി) | കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം -VII ചട്ടം -3 പ്രകാരം ഓരോ സ്കൂൾ വർഷത്തിലും സാധാരണ ഗതിയിൽ ചുരുങ്ങിയത് പരീക്ഷാ ദിവസങ്ങൾ കൂടാതെ 220 സാധ്യായദിവസങ്ങൾ ഉണ്ടായിരിക്ക ണമെന്നും പ്രത്യേക സാഹചര്യങ്ങളിൽ 20 ദിവസം വരെ സാധ്യായ ദിവസങ്ങളിൽ ഉണ്ടാകുന്ന കുറവ് എഡ്യൂക്കേഷണൽ ഓഫീസർക്കും അതിൽ കൂടുതൽ ഉള്ള കുറവ് ഡയറക്ടർക്കും ഇളവ് ചെയ്യാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | എറണാകുളം എബനേസർ സ്കൂൾ മാനേജരും, പി ടി എ യും ചേർന്ന് 2023-24 അധ്യയന വർഷത്തിലെ പ്രവൃത്തി ദിനങ്ങൾ 220 ആക്കണമെന്ന് ബഹു. കേരള ഹൈക്കോടതിയിൽ WP(C )25120/2023 കേസ് ഫയൽ ചെയ്തിരുന്നു. അതിൻപ്രകാരം വരും വർഷങ്ങളിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം -VII ചട്ടം -3 പ്രകാരമുള്ള പ്രവൃത്തി ദിനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടി കൊക്കൊള്ളുമെന്ന് 25.04.2024 ലെ എസ്2(എ)1599098/2023/ഡി.ജി.ഇ. ഉത്തരവ് പ്രകാരം 26.02.2024 ലെ വിധിന്യായം പാലിച്ച് ഉത്തരവാക്കി യിരുന്നു. എന്നാൽ ഹർജിക്കാരൻ ഫയൽ ചെയ്ത Contempt case (C ) No.1134 of 2024 (S) in WP(C ) 25120/2023 ലെ 23.05.2024 ലെ ഉത്തരവിൻ പ്രകാരം 06.06.2024 തീയതിയ്ക്ക് മുമ്പായി 2024 – 25 വർഷത്തെ അക്കാദമിക് കലണ്ടർ സംബന്ധിച്ച നിർദ്ദേശം നൽകുവാൻ ബഹു.ഹൈക്കോടതി ഉത്തരവിടുകയും ചെയ്തിരുന്നു. ഇവയുടെ അടിസ്ഥാന ത്തിലാണ് സർക്കാർ 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടത്.<br><br>ടി കോടതി ഉത്തരവിനെതിരെ അധ്യാപക സംഘടനകൾ പുന:പരിശോധനാ ഹർജി നൽകിയിട്ടുണ്ട്. അതിന്മേലുള്ള കോടതി നടപടിക്രമം പൂർത്തിയായിട്ടില്ല. |
| (ഡി) | അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ അധ്യാപകരുടെ അഭിപ്രായങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | 25.05.2024 ൽ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിലും, കൂടാതെ 28.05.2024, 14.06.2024, 20.06.2024 എന്നീ തീയതികളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലും അധ്യാപക സംഘടന പ്രതിനിധികളുമായി അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച നടത്തുകയും അഭിപ്രായങ്ങൾ സർക്കാർ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

## 2024-25 അധ്യയന വർഷം ആറാം പ്രവൃത്തി ദിനത്തിലെ ആകെ കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | സർക്കാർ | സർക്കാർ എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|
| I | 92638 | 158348 | 47862 | 298848 |
| II | 98350 | 159356 | 41169 | 298875 |
| III | 101907 | 163824 | 37098 | 302829 |
| IV | 119009 | 189247 | 41175 | 349611 |
| V | 101434 | 222186 | 34878 | 358498 |
| VI | 107122 | 232839 | 33925 | 373886 |
| VII | 117915 | 247847 | 32694 | 398456 |
| VIII | 137848 | 249585 | 30271 | 417704 |
| IX | 138286 | 248651 | 29010 | 415947 |
| X | 146070 | 254998 | 27885 | 428953 |
| **ആകെ** | **1160579** | **2127061** | **355967** | **3643607** |